## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4467 | 18.05.2017 - ൽ മറുപടിയ്ക്ക് |
|---|---|

### ജി.എസ്.ടി.

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി.സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഫലമായുള്ള നേട്ടങ്ങളും, കോട്ടങ്ങളും എന്താണെന്ന് വിവരിയ്ക്കുമോ; | (എ) | 2017 ജൂലൈ 1 മുതൽ ജി.എസ്.ടി നടപ്പിലാക്കാനാണ് നിലവിലുള്ള തീരുമാനം. എന്നിരുന്നാലും ചരക്ക സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികമ്മ്യൂണിക്കേഷൻസ്, ഇൻഷുറൻസ്, ഫിനാൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നായതിനാൽ കേരളം നേട്ടം പ്രതീക്ഷിക്കുന്നു. കൂടാതെ ജി. എസ്. ടി. നടപ്പാക്കുമ്പോൾ നികുതി നഷ്ടം ഉണ്ടായാൽ തന്നെ 2015-16 ലെ നികുതി വളർച്ച 14% ആയി കണക്കാക്കി ആദ്യ അഞ്ച് വർഷത്തെ നികുതി നഷ്ടം കേന്ദ്രം നികത്താമെന്ന് അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. |
| (ബി) | ജി.എസ്.ടി.യെ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കാനുള്ള നടപടികൾ എന്തെന്ന് വിവരിക്കുമോ; | (ബി) | സംസ്ഥാനത്തെ എൺപതോളം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുകയും വാണിജ്യനികുതി വകുപ്പും സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് |

| | | | |
|---|---|---|---|
| | | | കസ്റ്റംസും ചേർന്ന് ജനങ്ങളെ ജി.എസ്.ടി നിയമത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുള്ള ക്ലാസ്സുകൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇതു നടപ്പാക്കുന്നതോടെ പ്രതിവർഷം എത്ര കോടി രൂപയുടെ അധികവരുമാനം സംസ്ഥാനത്തിന് ലഭിയ്ക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | നികുതി വിധേയ ചരക്കുകളുടേയും സേവനങ്ങളുടേയും പട്ടിക ഇതുവരെ തീരുമാനിച്ചിട്ടില്ല. ചരക്കുകളും സേവനങ്ങളും അവയുടെ നികുതി നിരക്കുകളും നിശ്ചയിക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിലുള്ള fitment committee രൂപീകരിക്കുകയും ഈ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി കൗൺസിൽ അന്തിമ തീരുമാനം കൈകൊള്ളുന്നതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്തെ നികുതി വരുമാനം കണക്കാക്കുവാൻ സാദ്ധ്യമാകൂ. ജി.എസ്.ടി കൗൺസിലിൽ അന്തിമ തീരുമാനമായിട്ടില്ലെങ്കിലും ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി വ്യവസ്ഥയായതിനാലും ചരക്കുകളിൻ മേലും സേവനങ്ങളിൻമേലുമുള്ള നികുതി പിരിക്കുവാനുമുള്ള അവകാശം സംസ്ഥാന സർക്കാരിന് ലഭിക്കുന്നതിനാലും കേരളത്തിന് നികുതി വരുമാന വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**